"ഭരണഭാഷ-മാതൃഭാഷ"

**DWCD/6914/2024-ICDSB7**

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,

പൂജപ്പുര,തിരുവനന്തപുരം

തീയതി: 03-01-2025

ഇമെയിൽ :E-Mail:directorate.wcd@kerala.gov.in

ഫോൺ :-0471–2346534

**സർക്കുലർ**

വിഷയം: വനിത ശിശുവികസന വകുപ്പ്- അങ്കണവാടി സേവനങ്ങൾ - അങ്കണവാടി പ്രവർത്തകർ കുട്ടികളുടെ സുരക്ഷ ,സംരക്ഷണം, , പരിപാലനം എന്നിവയിൽ സ്വീകരിക്കേണ്ട മാർഗനിർദേശങ്ങൾ -സംബന്ധിച്ച്

സൂചന:

സംസ്ഥാനത്തെ അങ്കണവാടികളിലെ കുട്ടികളുടെ സുരക്ഷയും സംരക്ഷണവും ഉറപ്പ് വരുത്തുന്നതിനായി ചുവടെ പറയുന്ന മർഗനിർദേശങ്ങൾ നിർബന്ധമായും പാലിക്കേണ്ടതാണ്.

1. അങ്കണവാടിയിൽ വച്ച് കുട്ടികൾക്ക് ഏതെങ്കിലും ആരോഗ്യ പ്രശ്നങ്ങളോ അപകടമോ മറ്റ അനിഷ്ട സംഭവങ്ങളോ ഉണ്ടായാൽ ഉടനടി പ്രഥമ ശിശ്രൂഷ നൽകേണ്ടതും ആവശ്യമെങ്കിൽ ഏറ്റവും അടുത്തുള്ള ആരോഗ്യ കേന്ദ്രത്തിൽ എത്തിച്ച് വൈദ്യസഹായം നൽകേണ്ടതുമാണ്.
2. ഇത്തരം സംഭവങ്ങൾ ഉണ്ടായാൽ കുട്ടിയുടെ രക്ഷകർത്താക്കളെ അടിയന്തരമായി അറിയിച്ച് വിവരം ധരിപ്പിക്കേണ്ടതാണ്.
3. അങ്കണവാടിയിൽ വച്ച് ഉണ്ടാകുന്ന അപകടങ്ങൾ എല്ലാം തന്നെ യഥാസമയം ബന്ധപ്പെട്ട സൂപ്പർവൈസർ മുഖാന്തിരം മേൽ കാര്യാലയങ്ങളിൽ അറിയിക്കേണ്ടതാണ്
4. .അടിയന്തിര സാഹചര്യങ്ങളിൽ കുട്ടികളുടെ രക്ഷിതാക്കളെ ബന്ധപ്പെടുന്നതിനുള്ള ഫോൺ നമ്പറുകൾ അങ്കണവാടികളിൽ സൂക്ഷിക്കേണ്ടതാണ്.
5. എല്ലാ അങ്കണവാടികളും ഫസ്റ്റ് എയ്ഡ് കിറ്റ് നിർബന്ധമായിട്ടും സൂക്ഷിക്കേണ്ടതാണ്.
6. സ്പെഷ്യലി ഏബിൾഡ്/ ഹൈപ്പർ ആക്ടിവിറ്റി തുടങ്ങിയവയുള്ള കുട്ടികളെ അങ്കണവാടിയിൽ കൊണ്ടുവരുമ്പോൾ അവിടുത്തെ സാഹചര്യവുമായി പൊരുത്തപെടുന്നതു വരെ ടി കുട്ടികളുടെ രക്ഷിതാക്കളെ കൂടി അങ്കണവാടിയിൽ നിർത്തേണ്ടതാണ്.

7. അങ്കണവാടിയിൽ കാലാവധി കഴിഞ്ഞ ഭക്ഷ്യ വസ്തുക്കൾ സൂക്ഷിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

8. അങ്കണവാടിയിൽ കുട്ടികൾക്ക് സുരക്ഷാ ഭീഷണി ഉയർത്തുന്ന എല്ലാ സാഹചര്യങ്ങളും ഒഴിവാക്കേണ്ടതാണ്.

9. അങ്കണവാടിയിൽ കുട്ടികൾക്ക് ഭക്ഷണം പാചകം ചെയ്യുന്ന വേളയിലും ഭക്ഷണം കൊടുക്കുന്ന അവസരത്തിലും ശുചിത്വം നിർബന്ധമായും പാലിക്കേണ്ടതാണ്. കുട്ടികൾക്ക് തിളപ്പിച്ച് ആറിയ വെള്ളം തന്നെ നൽകുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

10. കുട്ടികളുടെ മേൽ എപ്പോഴും വർക്കറുടേയോ ഹെൽപ്പറുടേയോ ശ്രദ്ധ ഉണ്ടായിരിക്കേണ്ടതാണ്.

11. സമീപത്തുള്ള ആരോഗ്യ സേവന കേന്ദ്രം ,പോലീസ് , പഞ്ചായത്ത്,ICDS Supervisor ,തുടങ്ങി അടിയന്തിര സാഹചര്യങ്ങളിൽ ബന്ധപ്പെടേണ്ട ഫോൺ നമ്പറുകൾ അങ്കണവാടിയിൽ പ്രദർശിപ്പിക്കേണ്ടതാണ് .

12. മേൽപ്പറഞ്ഞ കാര്യങ്ങൾ എല്ലാ ALMSC യോഗത്തിലും അജണ്ടയിൽ ഉൾപ്പെടുത്തി സുരക്ഷ കാര്യങ്ങൾ ഉറപ്പ് വരുത്തേണ്ടതാണ് .

വനിതാ ശിശു വികസന ഡയറക്ടർ

ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും